2/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ *AP.2008(2)/2020*/എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 3285/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ലാലു പി.ജി,
S/o. ഗോപാലകൃഷ്ണൻ,
പാലയ്ക്കാകുഴിയിൽ,
വാഴൂർ, ചങ്ങനാശ്ശേരി - 686 517.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ചങ്ങനാശ്ശേരി.
2. അപ്പീൽ അധികാരി & റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14/09/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/10/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 11/11/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11/12/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20/01/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28/01/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 14/12/2022<br>ആഡിയോ/വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ലാലു പി.ജി 20/01/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 28/01/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 2008(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, രേഖകൾക്ക് എസ്.പി.ഐ.ഒ ആവശ്യപ്പെട്ട തുക അടച്ചിട്ടും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 14/09/2019-ന് നൽകിയ അപേക്ഷയിൽ പ്രസ്താവിച്ചിട്ടുള്ളത്, KL-33-F-123 രജിസ്റ്റർ നമ്പറിലുള്ളത് ഏത് വാഹനമാണെന്നും, ടി വാഹന ഉടമയുടെ പേര്, വിലാസം ഇപ്പോൾ ഏത് RTO ഓഫീസിലാണ് രജിസ്ട്രേഷൻ നിലനിൽക്കുന്നതെന്നും മറ്റുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 15/10/2019-ന് ഒന്നാം എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 11/11/2019 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 11/12/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 07/05/2021 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, KL-33-F-123 വാഹനവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് അപ്പീൽവാദി വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നതെന്നും, അപ്പീൽവാദി ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് സർക്കാർ നിശ്ചിത ഫീസ് നിശ്ചയിച്ചിരിക്കുന്നതിനാൽ 50/- രൂപ ഫീസടച്ച ആർ.സി. പർട്ടികുലേഴ്സിനു മറുപടി നൽകിയിരുന്നുവെന്നും, ആയതിൽ അപാകതകൾ ഉള്ളതായി അപ്പീൽ അധികാരിക്ക് കണ്ടെത്താനായില്ലെന്നുമാണ്. വാഹന വിവരങ്ങൾ സൂക്ഷിച്ചിരുന്ന അന്ന് നിലവിലുണ്ടായിരുന്ന സോഫ്റ്റ് വെയറിൽ നിന്നും പുതിയ സോഫ്റ്റ് വെയറിലോട്ട് വിവരങ്ങൾ മാറ്റിക്കൊണ്ടിരുന്ന സമയമായതിനാലാണ് 01/11/2019-ൽ ആർ.സി പാർട്ടികുലേഴ്സ് നൽകുവാൻ സാധിക്കാതിരുന്നതെന്നും, ആയതിനാലാണ് അപ്പീൽ വാദി അടച്ച ഫീസ് ക്യാൻസൽ ചെയ്തതെന്നുമാണ്. എന്നിരുന്നാലും അപ്പീൽവാദി നിശ്ചിതഫീസ് അടച്ച അപേക്ഷ ഹാജരാക്കിയാൽ മേൽവാഹനത്തിന്റെ ആർ.സി

പർട്ടികുലേഴ്സ് നൽകുന്നതിനുള്ള നിർദ്ദേശം എസ്.പി.ഐ.ഒ-യ്ക്ക് നൽകിയിരുന്നുവെന്നും ആയത് അപ്പീൽ മറുപടിയിലൂടെ അപ്പീൽവാദിയെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

എന്നാൽ കമ്മീഷനിൽ സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ-യോട് വാങ്ങിയ റിപ്പോർട്ട് പ്രകാരം, നാളിതുവരെ അപ്പീൽവാദി മേൽ അപ്പീൽ മറുപടിയിലെ നിർദ്ദേശപ്രകാരം ഫീസ് അടച്ച് ആർ.സി പർട്ടികുലേഴ്സിനു അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും, കൂടാതെ മേൽ അപ്പീൽവാദി 06/01/2020-ൽ ടി വാഹനത്തെ സംബന്ധിച്ച മറ്റൊരു അപേക്ഷ വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുകയും ആയതിനു 20/01/2020-ൽ വിശദമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ വിവരങ്ങൾക്ക് പണം അടച്ചിട്ടും വിവരങ്ങൾ നൽകിയില്ലെന്നുള്ളത് വിവരം നൽകുന്നതിനെ തടസ്സപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളതെന്ന് കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 20-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV